2/1/2023
Public

milma
Malabar Regional Co-operative Milk Producers' Union Ltd.
Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No:MRU/M/Insurance /2022-23/612 31.12.2022

## സർക്കുലർ

വിഷയം: മിൽമ ഡീലർമാർക്കും പാൽ വിതരണ/സംഭരണ വാഹന ജീവനക്കാർക്കുമുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂരിന്റെ 15.11.2022 തിയ്യതിയിലെ AIB:QTN:18112022 കത്ത്.
2. 31.12.2022 തിയ്യതിയിലെ 45/MKTG/10-ാം നമ്പർ ബോർഡ് തീരുമാനം.

പ്രതിദിനം ശരാശരി 100 ലിറ്ററിന് മുകളിൽ പാൽ വിൽപന നടത്തുന്ന ഡീലർമാർക്കും പാൽ വിതരണ/സംഭരണ ടാങ്കർ/ സബ്ബ് റൂട്ട്/ ടോറസ് വാഹനത്തിന്റെ ജീവനക്കാർക്കുമായി ഒരു ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം 15.01.2023 മുതൽ 14.01.2024 വരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ മുഖേന M/s ഇഫ്കോ ടോകിയോ ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, തൃശൂർ ഓഫീസുമായി സഹകരിച്ച് നടപ്പിലാക്കുവാൻ മലബാർ മേഖലാ യൂണിയൻ തീരുമാനിച്ചിട്ടുണ്ട്.

### ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നവർക്കു ലഭിക്കുന്ന പരമാവധി ആനുകൂല്യങ്ങൾ

| | |
|---|---|
| പ്രായ പരിധി | 18 മുതൽ 70 വയസ്സ് വരെ |
| സം അഷ്വുർഡ് | 5 ലക്ഷം രൂപ |
| പ്രീമിയം തുക (പ്രതിവർഷം) | 286 രൂപ (ജി.എസ്.ടി ഉൾപ്പടെ) |
| ഇൻഷുറൻസ് പരിരക്ഷ | • ഇൻഷ്വർ ചെയ്ത വ്യക്തിയുടെ മരണം സംഭവിച്ചാൽ പോളിസി തുകയായ 5 ലക്ഷം രൂപ നോമിനിക്ക് ലഭിക്കുന്നതാണ്.<br>• സ്ഥിരമായ വൈകല്യത്തിന് 5 ലക്ഷം രൂപ ലഭിക്കുന്നതാണ്.<br>• ഭാഗികമായ വൈകല്യത്തിന് വൈകല്യത്തിന്റെ ശതമാനം അടിസ്ഥാനമാക്കി ലഭിക്കുന്നതാണ്.<br>• അപകടം മൂലമുണ്ടാകുന്ന ആശുപത്രി ചിലവ് 50,000/- രൂപ ലഭിക്കുന്നതാണ്.<br>• താൽക്കാലിക വൈകല്യത്തിന് ആനുകൂല്യം ലഭിക്കുന്നതല്ല. |

...2

## അപേക്ഷിക്കേണ്ട രീതി

### മിൽമ ഡീലർമാർ

- പ്രതിദിനം ശരാശരി 100 ലിറ്ററിന് മുകളിൽ പാൽ വിൽപന നടത്തുന്ന ഡീലർമാർക്ക് 286 രൂപ പ്രീമിയത്തിൽ മുകളിൽ പറഞ്ഞ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. പ്രീമിയം തുകയായ 286 /- രൂപയിൽ 200 രൂപ യൂണിയൻ വഹിക്കുന്നതും ബാക്കി വരുന്ന 86 രൂപ ഡീലർ വഹിക്കേണ്ടതുമാണ്.
- ഡീലർമാരുടെ വിശദ വിവരങ്ങൾ അടങ്ങുന്ന അപ്ലിക്കേഷൻ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത അപ്ലിക്കേഷൻ ഫോം ഡീലറുടെ കയ്യിൽ നിന്ന് പൂരിപ്പിച്ച് വാങ്ങി ഡെയറിയിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ വിശദ വിവരങ്ങൾ അതാത് ഡെയറികൾ എൻറോൾമെന്റ് ഫോറത്തിൽ ഉൾപ്പെടുത്തി ഹെഡ് ഓഫീസിലേക്ക് അയക്കേണ്ടതുമാണ്.
- എൻറോൾമെന്റ് ഫോറത്തിന്റെ സോഫ്റ്റ് മാതൃക ഹെഡ് ഓഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ നിന്നും ഇ-മെയിൽ വഴി നൽകുന്നതാണ്. പ്രിന്റഡ് കോപ്പികൾ ഉണ്ടായിരിക്കുന്നതല്ല.
- പൂരിപ്പിച്ച എൻറോൾമെന്റ് ഫോറം 2023 ജനുവരി 09-ാം തിയ്യതിക്ക് മുമ്പായി ഹെഡ് ഓഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ ഇ-മെയിൽ വഴി ലഭ്യമാക്കേണ്ടതാണ്.
- 2023 ജനുവരി 15 മുതൽ ഇൻഷൂറൻസ് പരിരക്ഷ ലഭിക്കേണ്ടതു കൊണ്ട് എൻറോൾമെന്റ് ഫോറം മുഴുവൻ ഡിജിറ്റലായി തയ്യാറാക്കി ഇൻഷൂറൻസ് കമ്പനിക്ക് നൽകേണ്ടതുണ്ട്. ആയതിനാൽ 2023 ജനുവരി 09-ാം തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

### പാൽ വിതരണ /സംഭരണ ടാങ്കർ/സബ്ബ് റൂട്ട്/ടോറസ് വാഹന ജീവനക്കാർ

- പ്രീമിയം തുകയായ 286/- രൂപയിൽ 200/- രൂപ യൂണിയൻ വഹിക്കുന്നതാണ്, ബാക്കി തുകയായ 86/- രൂപ ട്രാൻസ്പോർട്ട് കോൺട്രാക്ടർ വഹിക്കേണ്ടതാണ്. (ട്രാൻസ്പോർട്ട് കോൺട്രാക്ടറുടെ ട്രാൻസ്പോർട്ടേഷൻ ബില്ലിൽ നിന്ന് ഡെയറികൾ ഈ തുക ഈടാക്കുന്നതാണ്.)
- പാൽ വിതരണ /സംഭരണ ടാങ്കർ/സബ്ബ് റൂട്ട്/ടോറസ് വാഹന ജീവനക്കാരുടെ വിശദ വിവരങ്ങൾ അടങ്ങുന്ന അപ്ലിക്കേഷൻ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത അപ്ലിക്കേഷൻ ഫോം പാൽ വിതരണ /സംഭരണ ടാങ്കർ/സബ്ബ് റൂട്ട്/ടോറസ് വാഹന ജീവനക്കാർ കയ്യിൽ നിന്ന് പൂരിപ്പിച്ച് വാങ്ങി ഡെയറിയിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ വിശദ വിവരങ്ങൾ അതാത് ഡെയറികൾ എൻറോൾമെന്റ് ഫോറത്തിൽ ഉൾപ്പെടുത്തി ഹെഡ് ഓഫീസിലേക്ക് അയക്കേണ്ടതുമാണ്.
- എൻറോൾമെന്റ് ഫോറത്തിന്റെ സോഫ്റ്റ് മാതൃക ഹെഡ് ഓഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ നിന്നും ഇ-മെയിൽ വഴി നൽകുന്നതാണ്. പ്രിന്റഡ് കോപ്പികൾ ഉണ്ടായിരിക്കുന്നതല്ല.
- പൂരിപ്പിച്ച എൻറോൾമെന്റ് ഫോറം 2023 ജനുവരി 09-ാം തിയ്യതിക്ക് മുമ്പായി ഹെഡ് ഓഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ ഇ-മെയിൽ വഴി ലഭ്യമാക്കേണ്ടതാണ്.
- 2023 ജനുവരി 15 മുതൽ ഇൻഷൂറൻസ് പരിരക്ഷ ലഭിക്കേണ്ടതു കൊണ്ട് എൻറോൾമെന്റ് ഫോറം മുഴുവൻ ഡിജിറ്റലായി തയ്യാറാക്കി ഇൻഷൂറൻസ് കമ്പനിക്ക് നൽകേണ്ടതുണ്ട്. ആയതിനാൽ 2023 ജനുവരി 09-ാം തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

...3

**ക്ലെയിം നടപടി ക്രമങ്ങൾ:**

1. അപകടം സംഭവിച്ച 24 മണിക്കൂറിനകം അപകട വിവരം എയിംസ് ഇൻഷുറൻസ് തൃശൂരിൽ അറിയിക്കേണ്ടതാണ്.

2. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത്, താഴെ പറയുന്ന രേഖകൾ സഹിതം ഡെയറി ലെറ്റർ ഹെഡ്ഡിൽ ആമുഖ കത്തിനോടൊപ്പം രജിസ്ട്രേഡ് AD ആയി 7 ദിവസത്തിനകം എയിംസ് ഇൻഷുറൻസ് തൃശൂർ ഓഫീസിൽ ലഭിക്കത്തക്ക വിധത്തിൽ അയക്കേണ്ടതാണ്. താഴെ പറയുന്ന എല്ലാ രേഖകളും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഡെയറിയിൽ നിന്നും ഉറപ്പുവരുത്തിയ ശേഷം, എയിംസിന്റെ തൃശൂർ ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

   a) ക്ലെയിം ഇന്റിമേഷൻ ഫോം
   b) പൂരിപ്പിച്ച ക്ലെയിം ഫോം
   c) ചികിൽസിച്ച ഡോക്ടറുടെ സർട്ടിഫിക്കറ്റ്
   d) പണം അഡ്വാൻസ് നൽകിയ ബില്ല്
   e) ഡിസ്ചാർജ് കാർഡ്
   f) ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ
   g) ടെസ്റ്റ് റിപ്പോർട്ടുകൾ
   h) മരുന്നുകളുടെ ഒറിജിനൽ ബില്ലുകൾ
   i) ആശുപത്രിയിൽ മൊത്തം പണം അടച്ച രശീതി
   j) ആധാർ കാർഡ് പകർപ്പ്
   k) എക്സറേ, സി.ടി സ്കാൻ ഫിലിം

3. ആശുപത്രിയിൽ നിന്നും ലഭിച്ച ബില്ലുകളിൽ പണം സ്വീകരിച്ചതിന്റെ സീൽ ഉണ്ടായിരിക്കണം. മറ്റ് രേഖകളിൽ ആശുപത്രിയുടെയും ഡോക്ടറുടെയും സീൽ ചെയ്തിരിക്കണം.
4. മുകളിൽ കാണിച്ച രേഖകൾ പരിശോധിച്ച് തൃപ്തികരമാണെങ്കിൽ ക്ലെയിം തുക 15 ദിവസത്തിനകം എം.ആർ.സി.എം.പി.യു ഹെഡ്ഡോഫീസിലേക്ക് അയച്ചു തരുന്നതും ഈ തുക അതാത് ഡെയറികളിലേക്ക് ഹെഡ്ഡോഫീസിൽ നിന്ന് ക്രെഡിറ്റ് ചെയ്യുകയും, ഡെയറികൾ ബന്ധപ്പെട്ട ഡീലർക്ക് ക്രെഡിറ്റ് നൽകേണ്ടതുമാണ്.
5. ക്ലെയിമുകളിൽ അപാകതകൾ ഉണ്ടെങ്കിലും, തൽ സംബന്ധമായി കൂടുതൽ അന്വേഷണം ആവശ്യമുണ്ടെങ്കിലും, ക്ലെയിമുകൾ നൽകാൻ സാധിക്കാത്ത സാഹചര്യങ്ങളിലും, പ്രസ്തുത വിവരം എയിംസ് ഇൻഷുറൻസ് ബന്ധപ്പെട്ട ഡെയറിയേയും എം.ആർ.സി.എം.പി.യു ഹെഡ്ഡോഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ രേഖാമൂലം അറിയിക്കേണ്ടതും ക്ലെയിം എത്രയും പെട്ടന്ന് ലഭിക്കാനുള്ള തുടർ നടപടികൾ എം.ആർ.സി.എം.പി.യു ഹെഡ്ഡോഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ നിന്നുണ്ടാവുന്നതുമാണ്.

ക്ലെയിം അയക്കേണ്ട വിലാസം:

**AIMS INSURANCE BROKING PRIVATE LIMITED**
**19/458/37/1,Ist Floor, Global Tower, Vanchikulam Road,**
**Poothole P.O., Thrissur – 680004.**
**Phone: 0487-2389703, 2386364**
**Mob: 9895768333**

…4

ഇൻഷുറൻസ് കമ്പനിയുടെയും സേവനം/പരാതികൾക്ക് ബന്ധപ്പെടേണ്ടവരുടെയും വിലാസങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നടപ്പിലാക്കുന്ന ഇൻഷൂറൻസ് കമ്പനിയുടെ വിലാസം | സേവനം/പരാതികൾക്ക് ബന്ധപ്പെടേണ്ട വിലാസം |
|---|---|
| M/s Ifco Tokio General Insurance Company Ltd., Sobha Heights, 2nd floor, Agraharam Road, Poonkunnam, Thrissur 680002, Ph. 8138906322, 0487-2387006 | Sugathan V S Manager Claims, AIMS INSURANCE BROKING PRIVATE LIMITED, CIN:U66010KL2002PTC015789, 19/458/37/1,Ist Floor, GlobalTower,Vanchikulam Road, Poothole P.O.,Thrissur – 680004. Phone: 0487-2389703,2386364 Mob:9745159100 Web: www.aimsinsurance.in |

അർഹതയുള്ള മിൽമ ഡീലർമാർ, പാൽ വിതരണ /സംഭരണ ടാങ്കർ/സബ്ബ് റൂട്ട്/ടോറസ് വാഹന ജീവനക്കാർ എന്നിവർക്ക് ഈ സർക്കുലറിന്റെ വിശദാംശങ്ങൾ അപേക്ഷ ഫോമിനൊപ്പം സർക്കുലറായി നൽകേണ്ടതാണ്. ഈ പദ്ധതിയിൽ അർഹരായ മുഴുവൻ ആളുകളെയും ഉൾപ്പെടുത്തുന്നതിനും ഗുണകരമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഡോ. മുരളി.പി)
മാനേജിംഗ് ഡയറക്ടർ

പകർപ്പ്– ജനറൽ മാനേജർ, പി&ഐ ഹെഡ് ഓഫീസ്,
സീനിയർ മാനേജർ, കോഴിക്കോട് ഡെയറി,
ഡെയറി മാനേജർമാർ, കാസറഗോഡ് ഡെയറി /കണ്ണൂർ ഡെയറി /കോഴിക്കോട് ഡെയറി /വയനാട് ഡെയറി /പാലക്കാട് ഡെയറി /സെൻട്രൽ പ്രൊഡക്ട്സ് ഡെയറി/മലയോര ഡെയറി,
എല്ലാ മാർക്കറ്റിംഗ് ഡിപ്പോ ഇൻചാർജുമാർക്കും,
ഡിസ്ട്രിക്ട് ഓഫീസ് ഹെഡ്, കാസറഗോഡ് പി&ഐ/കണ്ണൂർ പി&ഐ/ കോഴിക്കോട് പി&ഐ /വയനാട് പി&ഐ /മലപ്പുറം പി&ഐ /പാലക്കാട് പി&ഐ
യൂണിറ്റ് ഹെഡ്, കോഴിക്കോട് പി&ഐ /മൂർക്കനാട് പി&ഐ /പട്ടാമ്പി പി&ഐ/ അട്ടപ്പാടി പി&ഐ

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD.
No. D 89 (D)
H.O.
Calicut